"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം-ഹൈക്കോടതിയിലെ ഓഫീസ് അറ്റൻഡന്റുമാരുടെ 34 തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി പുതിയ 18 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ആഭ്യന്തര (സി) വകുപ്പ്

സ.ഉ.(കൈ) നം.131/2024/HOME തീയതി,തിരുവനന്തപുരം, 21-06-2024

പരാമർശം:- ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 02.11.2023, 12.02.2024 എന്നീ തീയതികളിലെ HCKL/3142/2023-A7 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഹൈക്കോടതിയിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ( ഐ സി റ്റി ) നടപ്പിലാക്കൽ, ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിങ് നവീകരിക്കൽ, മറ്റ് ഹൈക്കോടതികളിൽ ഉള്ളതുപോലെ സമാനമായ രീതിയിൽ എല്ലാ സൗകര്യങ്ങളുമുള്ള ഒരു ഗസ്റ്റ് ഹൗസ് ഹൈക്കോടതിയിൽ നിർമ്മിക്കുന്നതിനുള്ള തീരുമാനം എന്നിവ നടപ്പിലാക്കുന്നതിലേക്കായി ഹൈക്കോടതിയിലെ ഓഫീസ് അറ്റൻഡന്റുമാരുടെ 34 തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി പുതിയ 18 തസ്തികകൾ സൃഷ്ടിക്കണമെന്നും അപ്രകാരം തസ്തികകൾ സൃഷ്ടിക്കുമ്പോൾ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയൊന്നും ഉണ്ടാവില്ലന്നെതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ഹൈക്കോടതി രജിസ്ട്രാർ ജനറൽ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിലെ ഓഫീസ് അറ്റൻഡന്റുമാരുടെ 34 തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി ചുവടെ ചേർക്കുന്ന പുതിയ 18 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി

ഉത്തരവാകുന്നു.

| ക്രമനമ്പർ | തസ്തികയുടെ പേരും ശമ്പള സ്കെയിലും | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | അഡിഷണൽ പ്രോട്ടോകോൾ ഓഫീസർ (₹ 63700 — ₹123700) | 01 |
| 2 | സെക്ഷൻ ഓഫീസർ / കോർട്ട് ഓഫീസർ (₹51400 - ₹110300) | 05 |
| 3 | പേഴ്സണൽ അസ്സിസ്റ്റന്റ് (ഗ്രേഡ് -II ) ടു ജഡ്ജ് ₹39300 - ₹83000) | 03 |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (ഗ്രേഡ് -II ) (₹37400 - ₹79000) | 07 |
| 5 | ക്ലർക്ക് (₹24400 - ₹55200) | 02 |
| | ആകെ | 18 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar S
Date: 21-06-2024 16:39:40
സെക്ഷൻ ഓഫീസർ

പകർപ്പ്;-

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി,എറണാകുളം.( ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2627347/Exp-D2/333/2023-Fin തീയതി 27.05.2024 പ്രകാരം)

പൊതു ഭരണ(എസ്.സി) വകുപ്പ്( ഇനം നം. 2219 തീയതി 19.06.2024 പ്രകാരം )

വെബ്ബ് &ന്യൂ മീഡിയ, ഐ& പി. ആർ .ഡി( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-06-2024

ഫയൽ നം. സി2/460/2023/ആഭ്യന്തരം ഇനം നം: 2219

വിഷയം : ആഭ്യന്തര വകുപ്പ് - ഹൈക്കോടതിയിലെ ഓഫീസ് അറ്റൻഡന്റുമാരുടെ 34 തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി പുതിയ 18 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
JUN 202

2219

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/460/2023/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തരവകുപ്പ്-ഹൈക്കോടതിയിലെ ഓഫീസ് അറ്റൻഡന്റുമാരുടെ 34 തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി പുതിയ 18 തസ്തികകൾ സൃഷ്ടിക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02.06.2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ജി.ഐ. നവീൻ കൃഷ്ണൻ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.06.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു.വി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.06.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 17.06.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.06.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

34 ഓഫീസ് അറ്റൻഡൻറുമാരുടെ തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി ഹൈക്കോടതിയിൽ 18 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ ശിപാർശയാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) ഹൈക്കോടതിയിൽ വിവിധ വിഭാഗങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം 19.03.2022 ലെ CM-CJ മീറ്റിംഗിലെ ഒരു അജണ്ട ഇനം ആയിരുന്നു. പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ മനുഷ്യ വിഭവശേഷിയുടെ ആവശ്യകത പരിശോധിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസിനെ നിയോഗിക്കുകയുണ്ടായി. എന്നാൽ അന്തിമ റിപ്പോർട്ട് ഇതുവരെയും സമർപ്പിച്ചിട്ടില്ല.

3) അതേസമയം, ഹൈക്കോടതിയിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ( ഐ സി റ്റി ) നടപ്പിലാക്കൽ, ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിങ് നവീകരിക്കാനുള്ള തീരുമാനം, മറ്റ് ഹൈക്കോടതികളിൽ ഉള്ളതുപോലെ സമാനമായ രീതിയിൽ ഹൈക്കോടതിക്ക് എല്ലാ സൗകര്യങ്ങളുമുള്ള ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള തീരുമാനം എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ മനുഷ്യ വിഭവശേഷി ഇല്ലാത്തതിനാൽ ഹൈക്കോടതിയിൽ വിവിധ വിഭാഗങ്ങളിൽ അടിയന്തരമായി ചില തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യകതയുണ്ടെന്നും ആയതിനാൽ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസിന്റെ അന്തിമ പ്രവൃത്തി പഠന റിപ്പോർട്ട് / ശുപാർശകൾ സമർപ്പിക്കുന്നത് വരെ കാത്തിരിക്കാനാവില്ല എന്നും രജിസ്ട്രാർ ജനറൽ അറിയിച്ചു. . മേൽ സാഹചര്യത്തിൽ, ചീഫ് ജസ്റ്റിസ് അധ്യക്ഷനായ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം, ഹൈക്കോടതിയിൽ 34 ഓഫീസ് അറ്റൻഡൻറുമാരുടെ തസ്തികകൾ നിർത്തലാക്കി പകരം ഹൈക്കോടതിയിൽ വിവിധ വിഭാഗങ്ങളിലായി തസ്തികകൾ സൃഷ്ടിക്കുമ്പോൾ സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത

വരാത്തതിനാൽ ചുവടെ ചേർക്കുന്ന 18 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് രജിസ്ട്രാർ ജനറൽ അഭ്യർത്ഥിച്ചു.

| Sl No. | Name of Post | Number of Post |
|---|---|---|
| 1 | Additional Protocol Officer( 63700 —123700) | 01 |
| 2 | Section Officer / Court Officer (51400-110300) | 05 |
| 3 | Personal Assistant (Gr-II) to Judge (39300-83000) | 03 |
| 4 | Confidential Assistant (Gr- II) (37400-79000) | 07 |
| 5 | Cook (24400-55200) | 02 |
| | Total | 18 |

4. ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"Finance agrees to accord sanction for creating new 18 posts in various categories in the High Court Establishment by abolishing 34 posts of Office Attendants.*

*This has the approval of competent authority"*

5. ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ഹൈക്കോടതിയിൽ ഓഫീസ് അറ്റൻഡന്റുമാരുടെ 34 തസ്തികകൾ നിർത്തലാക്കി പകരം വിവിധ വിഭാഗങ്ങളിലായി ചുവടെ ചേർക്കുന്ന 18 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?

| Sl.No. | Name of Post | Number of Post |
|---|---|---|
| 1 | Additional Protocol Officer( 63700 –123700) | 01 |
| 2 | Section Officer / Court Officer (51400–110300) | 05 |
| 3 | Personal Assistant (Gr–II) to Judge (39300–83000) | 03 |
| 4 | Confidential Assistant (Gr –II) (37400–79000) | 07 |
| 5 | Cook (24400–55200) | 02 |
| | Total | 18 |